121/gov/19

3889 8-3-19
12/3/19

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനത്തിൽ രണ്ടാമതായി ആരംഭിക്കാനുദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 700 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷം വരെ വാടക രഹിതമായി നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.386/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 22.02.2019

പരാമർശം :- 1. സ.ഉ.(സാധാ.)നം.30/2013/ത.സ്വ.ഭ.വ. തിയതി 04.02.13
2. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാന്റെ 29.08.2018-ലെ എം8-18078/10(2) നമ്പർ കത്ത്
3. പഞ്ചായത്ത് ഡയറക്ടറുടെ 07.01.2019-ലെ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019ലെ തീരുമാനം നം. 4.39

പരാമർശം (1) ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടക രഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന മുഴുവൻ കാലത്തേയ്ക്കും വാടക രഹിത കെട്ടിടവും കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതതു തദ്ദേശഭരണ സ്ഥാപനം ഒരുക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തണമെന്ന് പരാമർശം (2) പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

(i) തദ്ദേശഭരണ സ്ഥാപനത്തിൽ രണ്ടാമതായോ മൂന്നാമതായോ, ആരംഭിക്കാനുദ്ദേശിക്കുന്ന മാവേലിസ്റ്റോറുകൾകൾക്ക് നിലവിലെ നിബന്ധനയായ 500 ചതുരശ്ര അടി എന്നതിനു പകരം 700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം ആജീവനാന്തം വാടക രഹിതമായി നൽകണം.

(ii) ഫർണിഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കുമായി 1.00 ലക്ഷം രൂപ എന്നതിനു പകരം 3.00 ലക്ഷം രൂപ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം അനുവദിക്കണം.

പരാമർശം (4) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. ടി യോഗ തീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിൽ രണ്ടാമതായി ആരംഭിക്കാനുദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾക്ക് നിലവിലെ നിബന്ധനയായ 500 ചതുരശ്ര അടി എന്നതിനു പകരം 700 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷംവരെ വാടക രഹിതമായി നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. രണ്ടിലധികം മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് വാടക രഹിതമായി കെട്ടിടം നൽകേണ്ടതില്ല. ഫർണിഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കുമായി നിലവിലെ നിരക്കായ 1.00 ലക്ഷം രൂപ മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതി. മാവേലിസ്റ്റോറുകൾ കുടുംബശ്രീ ഉല്പന്നങ്ങൾ കൂടി വയ്ക്കുന്നത് പരിഗണിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ചെയർമാൻ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഗാന്ധി നഗർ, കൊച്ചി
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ